**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2699 17-06-2019 ൽ മറുപടിയ്ക്ക്

## ജലസംരക്ഷണ പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **കെ.കൃഷ്ണൻ കുട്ടി.<br>(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി ഉണ്ടാകുന്ന വരൾച്ച നേരിടുന്നതിന് ഹരിതമിഷന്റെ ഭാഗമായുള്ള ജലസംരക്ഷണ പദ്ധതികൾ മുഖേന നടപ്പിലാക്കിയ പദ്ധതികളിലൂടെ കഴിഞ്ഞിട്ടുണ്ടോ എന്നറിയിക്കാമോ ; | (എ) | കഴിഞ്ഞിട്ടുണ്ട്. വരൾച്ചയുൾപ്പെടെയുള്ള പ്രശ്നങ്ങൾ നേരിടുന്നതിന് ജലസംരക്ഷണവും ശാസ്ത്രീയ ജല വിഭവ പരിപാലനവും ആവശ്യമാണെന്ന സന്ദേശം നൽകുന്നതിനൊപ്പം നീർത്തടാടി സ്ഥാനത്തിൽ പദ്ധതികൾ വിഭാവനം ചെയ്തു നടപ്പിലാക്കാൻ കഴിഞ്ഞിട്ടു ണ്ട്. അതു കൊണ്ടുതന്നെ പ്രാദേശിക ജലലഭ്യത വർദ്ധിപ്പിക്കാനും അതുവഴി വരൾച്ചയെ നേരിടു ന്നതിനും കഴിഞ്ഞി ട്ടുണ്ട്. |
| (ബി) | ജലവിഭവ വകുപ്പ് മുഖാന്തരം 2018-19 ൽ ഇത്തരത്തിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ എന്തൊക്കെയാണ്; ഇതിൽ ഏതൊക്കെ പദ്ധതികൾ ഇതിനകം പൂർത്തിയായിട്ടുണ്ട്; | (ബി) | ഭൂജലവകുപ്പിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഭൂജലസംപോഷണ പദ്ധതികളിൽ ഡഗ്ഗ് വെൽ റീചാർജ്ജ്/ റീചാർജ്ജ് പിറ്റ്/ കുഴൽക്കിണർ റീചാർജ്ജ് എന്നിവയിൽ ജില്ല തിരിച്ച് 124 പ്രോപ്പോസലുകൾ ലഭ്യമായതിൽ 124 നും സാങ്കേതികാനുമതി നൽകുകയും 81 പ്രവർത്തികൾ പൂർത്തീകരിക്കുകയും ഇതിനായി 129.06 ലക്ഷം രൂപ ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്. നീർച്ചാലുകളുടെ പുനരുദ്ധാരണം, തടയണകളുടെ നിർമ്മാണം, കുളങ്ങൾ ശുചിയാക്കി പുനരു ദ്ധരിക്കുക, മണൽ-എക്കൽ അടിഞ്ഞ് നീരൊഴുക്ക് നിലച്ച തോടുകൾ പുനരു |

| | | | |
|---|---|---|---|
| | | | ദ്ധരിച്ച് നീരൊഴുക്ക് സാധ്യമാക്കുക എന്നീ പ്രവൃത്തികൾ ഹരിത കേരളത്തിന്റെ ഭാഗമായി 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചി ട്ടു ണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ഹരിതകേരളം പദ്ധതിയിൽ ഉ ൾപ്പെടുത്തി Renovation of Tanks and Ponds, MI class 1 under Haritha keralam, MI class11 under Haritha keralam എന്നീ പ്രവർത്തികൾ യഥാക്രമം 1307.3, 796, 689.79 ലക്ഷം രൂപ തുകയ്ക്ക് നടപ്പിലാക്കി വരുന്നു . |
| (സി) | മീനച്ചിലാർ, പള്ളിക്കലാർ, കിള്ളിയാർ എന്നിവയുടെ ശുചീകരണം തുടങ്ങി ഒന്നാം ഘട്ടത്തിൽ ഉൾക്കൊള്ളിച്ചിരുന്ന പദ്ധതികൾ വിജയപ്രദമാണോ; | (സി) | മീനച്ചലാർ, പള്ളിക്കലാർ, കിള്ളിയാർ എന്നിവയുടെ ശുചീകരണം ഉൾപ്പെടെയുള്ള പ്രവൃത്തികൾ വിജയപ്രദമാണ്. |
| (ഡി) | മേൽപ്പറഞ്ഞ ജലസ്രോതസ്സുകൾ സുസ്ഥിരമായി നിലനിൽക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ രണ്ടാം ഘട്ടത്തിൽ നടപ്പിലാക്കുവാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്. പുനരുജ്ജീവനം സാദ്ധ്യമാക്കിയ ജലസ്രോതസ്സുകൾ സുസ്ഥിരമായി നിലനിർത്തുന്നതിനായി ജലസേചന വകുപ്പ് മണ്ണ് പര്യവേഷണം, മണ്ണ് സംരക്ഷണ വകുപ്പ്, കൃഷി വകുപ്പ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിഹിതം എന്നിവ ഉപയോഗിച്ച് വിവിധങ്ങളായ സംരക്ഷണ പ്രവർത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. പൊതുജനങ്ങൾ, ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, സന്നദ്ധസംഘടനകൾ എന്നിവരുടെ നേതൃത്വ |

| | | | |
|---|---|---|---|
| | | | ത്തിൽ നടത്തിയിട്ടുള്ള ജലസംരക്ഷണം, വിവിധ ജല സ്രോതസ്സുകളുടെ പുനസ്ഥാപനം തുടങ്ങിയ പ്രവൃത്തികൾ സുസ്ഥിരമാക്കി നിലനിർത്തുന്നതിനുള്ള പ്രവർത്തന നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറായി വരുന്നു. മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ഏറ്റെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ